ദുബൈയിൽ നിർമാണ മേഖലയിൽ അഞ്ചര ലക്ഷം അവിദഗ്ധ തൊഴിലാളികൾ

1,096 തൊഴിലാളി താമസയിടങ്ങളിലും 50,445 നിർമാണ സ്ഥലങ്ങളിലും പരിശോധന നടത്തി

ദുബൈ: ദുബൈയിൽ അഞ്ചര ലക്ഷത്തിലധികം അവിദഗ്ധ തൊഴിലാളികൾ നിർമാണ മേഖലയിൽ മാത്രം ജോലി ചെയ്യുന്നുണ്ടെന്ന് കണക്ക്. തൊഴിൽ കാര്യ സ്ഥിരം കമ്മിറ്റിയാണ് ഈ കണക്ക് പുറത്ത് വിട്ടത്.

വളരെയധികം നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന നഗരമാണ് ദുബൈ. അതുകൊണ്ട് തന്നെ ഈ മേഖലയിൽ ജോലി ചെയ്യുന്നവരും കൂടുതലാണ്. എമിറേറ്റിൽ നിർമാണ മേഖലയിൽ അവിദഗ്ധ തൊഴിലാളികൾ മാത്രം 569,128 പേരുണ്ടെന്നാണ് കണക്ക്. 3,039 കമ്പനികളിലായിട്ടാണ് ഇത്രയും പേർ ജോലി ചെയ്യുന്നത്. ജനറൽ ഡയറക്ടറേറ്റ് ഓഫ് റസിഡൻസി ആന്റ് ഫോറിനേഴ്സ് അഫയേഴ്സ് ഡെപ്യൂട്ടി ഡയറക്ടറും തൊഴിൽ കാര്യ സ്ഥിരം കമ്മിറ്റി ചെയർമാനുമായ മേജർ ജനറൽ ഉബൈദ് മുഹൈറ്റ് ബിൻ സുറൂർ ആണ് ഈ കണക്കുകൾ വെളിപ്പെടുത്തിയത്.

ജിഡിആർഎഫ്എ നടത്തിയ ബോധവത്കരണ യജ്ഞത്തിൽ നിന്ന്

മേജർ ജനറൽ ഉബൈദ് മുഹൈർ ബിൻ സുറൂർ

തൊഴിലാളികളുടെ സുരക്ഷയും മികച്ച തൊഴിൽ സാഹചര്യവും ഉറപ്പാക്കാൻ അധികൃതർ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. തൊഴിലാളികൾക്ക് നൽകുന്ന താമസ സൗകര്യങ്ങളും നിർമാണ സ്ഥലവും കമ്മിറ്റി ഇടക്ക് പരിശോധനക്ക് വിധേയമാക്കുന്നു. കഴിഞ്ഞ വർഷം ദേരയിലും ബർദുബൈയിലുമായി തൊഴിലാളികളുടെ 1,096 താമസ സ്ഥലങ്ങളിൽ പരിശോധന നടത്തി. ബർദുബൈയിൽ 26,043 നിർമാണ സ്ഥലങ്ങളിലും ദേരയിൽ 14,402 സ്ഥലങ്ങളിലുമാണ് 2015ൽ പരിശോധനകൾ നടത്തിയത്.

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന മാതൃകാ നഗരമാക്കി ദുബൈയെ മാറ്റും. 'ജോലി സ്ഥലത്തെ സുരക്ഷയാണ് എന്റെ ജീവിതവും ഭാവിയും' എന്ന പേരിൽ കഴിഞ്ഞ വർഷം പി.സി.എൽ.എ ബോധവത്കരണം നടത്തിയിരുന്നു. ഇതിനായി അറബിക്, ഇംഗ്ലീഷ്, ഉർദു ഭാഷകളിലായിലഘുലേഖകളും പോസ്റ്ററുകളും പുറത്തിറക്കിയിരുന്നു.

തൊഴിലാളികൾക്ക് തൊഴിൽ കാര്യ സ്ഥിരം കമ്മിറ്റി പരാതി നൽകാനായി പ്രത്യേക ടോൾഫ്രീ നമ്പറും സജ്ജമാക്കിയിട്ടുണ്ട്. 800 9119 എന്ന നമ്പറിലാണ് പരാതി നൽകാൻ വിളിക്കേണ്ടത്.

ദുബൈയിൽ വിപുലമായി ഇന്ത്യൻ റിപ്പബ്ളിക് ദിനമാഘോഷിക്കും

ദുബൈ: ഇന്ത്യൻ കോൺസുലേറ്റും ദുബൈ ഇന്ത്യൻ ഹൈസ്കൂളും സംയുക്തമായി ഇന്ത്യൻ റിപ്പബ്ളിക് ദിനാഘോഷം വിപുലമായി സംഘടിപ്പിക്കും. രണ്ടു ദിവസം നീളുന്ന പരിപാടികളിൽ ആയിരങ്ങൾക്ക് പങ്കെടുക്കാൻ അവസരം ഒരുക്കുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. വിപുലമായ ആഘോഷ പരിപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് ദുബൈ ഇന്ത്യൻ കോൺസുൽ ജനറൽ അനുരാഗ് ഭൂഷൺ. ഇന്ത്യൻ ഹൈസ്കൂൾ സി.ഇ.ഒ അശോക് കുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഈ മാസം 25ന് രാവിലെ ഒമ്പത്മണ്ഥാ റേഡിലെ ഇന്ത്യൻ ഹൈസ്കൂൾ റാഷിദ് ഓഡിറ്റോറിയത്തിൽ ദേശീയ പ്രചോദിത ഗാനാവതരണത്തോടെ യായിരിക്കും ആഘോഷ പരിപാടികളുടെ തുടക്കം. വിവിധ ഇന്ത്യൻ സ്കൂളുകളിൽ നിന്നുള്ള നൂറുകണക്കിന് വിദ്യാർത്ഥി പ്രതിഭകൾ ഇതിൽ പങ്കെടുക്കും. രാവിലെ ഒമ്പതു മുതൽ ഉച്ചക്ക് പന്ത്രണ്ടര വരെയാണ് ഈ ചടങ്ങ്.

2ന് രാവിലെ എട്ടിന് കോൺസുലേറ്റിൽ പതാക ഉയർത്തും. എട്ടര മുതൽ ഉച്ചവരെ ഇന്ത്യൻ ഹൈസ്കൂൾ അങ്കണത്തിൽ കലാ പരിപാടികളും പരേഡും ബാൻറ് വാദ്യവും ഉൾപ്പെടെ വിവിധ പരിപാടികൾ അരങ്ങേറും. വൈകുന്നേരം ഇന്ത്യൻ ഹൈസ്കൂളിൽ സാംസ്കാരിക പരിപാടികളും കാർണിവലും നടക്കുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. ഇതാദ്യമായാണ് റിപ്പബ്ളിക് ദിന ഭാഗമായി ഇത്തരമൊരു ചടങ്ങ് നടക്കുന്നത്.

രണ്ട് ദിവസങ്ങളിലായി റിപ്പബ്ളിക് ദിനാഘോഷ പരിപാടികൾ അരങ്ങേറുന്നതും ഇതാദ്യമാണെന്ന് കോൺസുൽ ജനറൽ പറഞ്ഞു. ഇന്ത്യൻ സമൂഹം താൽപര്യത്തോടെ ഇതിൽ പങ്കാളികളാവണമെന്നും കോൺസുലേറ്റ് അധികൃതർ അറിയിച്ചു.

പ്രവാസി വകുപ്പിനെ വിദേശ മന്ത്രാലയത്തിൽ ലയിപ്പിച്ചതിൽ അപാകതയില്ല. പാസ്പോർട്ട് ഇഷ്യു ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ വൈകാതെ പരിഹരിക്കുമെന്നും കോൺസുൽ ജനറൽ

അതിനിടെ, പ്രവാസി വകുപ്പിനെ കേന്ദ്ര വിദേശ കാര്യ മന്ത്രാലയത്തിൽ ലയിപ്പിച്ച നടപടിയിൽ അപാകതയില്ലെന്ന് കോൺസുൽ ജനറൽ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. പ്രവാസി പ്രശ്നങ്ങളിൽ കുറെക്കൂടി സജീവമായ ഇടപെടൽ നടത്താൻ കേന്ദ്ര തീരുമാനം വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

പാസ്പോർട്ട് ഇഷ്യു ചെയ്യുന്നതുമായി ബന്ധപ്പെട്ടുണ്ടായ ബുദ്ധിമുട്ടുകൾ വൈകാതെ പരിഹരിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. തൊഴിലാളി ക്ഷേമം മുൻനിർത്തി ആവിഷ്കരിച്ച ആപ്പ് കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നതായും അദ്ദേഹം പറഞ്ഞു. തൊഴിലാളികളുടെ പരാതികൾക്കും മറ്റും കോൺസുലേറ്റിന് കൃത്യമായ പരിഹാരം നൽകാനുള്ള സൗകര്യം കൂടി ഉൾപ്പെടുത്തിയാവും പുതിയ ആപ്പെന്നും അനുരാഗ് ഭൂഷൺ കൂട്ടിച്ചേർത്തു.

ഗരിമയുടെ നവമാനം

സ്കോച്ച്-ബ്രൈറ്റ് അതിന്റെ വിപണി മേധാവിത്വത്തെ അനുസ്മരിക്കാൻ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ഗോപുരത്തിന്റെ ഉൽപന്ന പകർപ്പ് നിർമിക്കുന്നു. സ്കോച്ച്-ബ്രൈറ്റ് ഉല്പന്നങ്ങൾ 50തിലേറെ വർഷങ്ങളായി യു.എ.ഇയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള ഓരോ ഭവനങ്ങളുടെയും അവിഭാജ്യ ഘടകമാണ്. തങ്ങളുടെ എതിരില്ലാത്ത ഗുണമേന്മയും നവീന ത്വവും മുലം ബ്രാൻഡ് അതിന്റെ ഭവന പരിചരണ ശൃചീകരണ ഉൽപന്നങ്ങളുടെ വിപുലമായ ശ്രേണിയോടു കൂടി സ്ഥായിയായി ആഗോള വിപണി മേധാവിത്വം നിലനിർത്തിപ്പോരുന്നുവെന്ന് ബന്ധപ്പെട്ടവർ അവകാശപ്പെടുന്നു. സ്കോച്ച്-ബ്രൈറ്റ് 55,000 തിലേറെ ഉൽപന്നങ്ങൾ ആഗോള മാതൃസ്ഥാപനമായ 3 എം.ന്റെ ഭാഗമായുള്ളതാണ്. ഉപയോക്താക്കൾ അർപ്പിച്ച അചഞ്ചല വിശ്വാസത്തെ അനുസ്മരിക്കാൻ സ്കോച്ച്-ബ്രൈറ്റ് ബുർജ് ഖലീഫയുടെ 12 അടി ഉയരമുള്ള പകർപ്പ് ഉയർത്തിയിരിക്കുകയാണ്. വിശ്വ പ്രസിദ്ധമായ ഈ സൗധത്തിന് ആദരമർപ്പിക്കാനുള്ള ബ്രാൻഡിന്റെ ഈ സംരംഭം 'എന്റെ ഭവനം എന്റെ സ്കോച്ച്-ബ്രൈറ്റ്' പ്രചാരണ യജ്ഞത്തിന്റെ ഭാഗമാണ്. അബുദാബി യാസ് മാളിലെയും ദുബൈ ഇബിൻ ബത്തുത്ത മാളിലെയും ജിയാന്റ് ഹൈപർ മാർക്കറ്റ് ഔട്ട്ലെറ്റുകളിലാണ് പ്രദർശിപ്പിച്ചിരിക്കുന്നത്. ഈ ദൃശ്യവിസ്മയം ജനുവരി അവസാനം വരെ പ്രദർശനത്തിനുണ്ടാകും.

'എന്റെ ഭവനം എന്റെ സ്കോച്ച്-ബ്രൈറ്റ്' പ്രചാരണ യജ്ഞം ഉപയോക്താക്കൾക്ക് നിരവധി ആകർഷണങ്ങളൊരുക്കുന്ന സവിശേഷ കർമ പരിപാടിയാണ്. ജനുവരിയിലുടനീളം സ്കോച്ച്-ബ്രൈറ്റ് ഉല്പന്നങ്ങൾ വാങ്ങുമ്പോൾ ആകർഷകമായ വിലക്കിഴിവുകളും വോള്യം ഡിലുകളും ആസ്വദിക്കാനാകുമെന്ന് 3എം മിഡിൽ ഈസ്റ്റ് കൺസ്യൂമർ ബിസിനസ് ഗ്രൂപ് ഹോം കെയർ ഡിവിഷണൽ മാനേജർ സേത് കുമാർ പറഞ്ഞു. *(അഡ്വർടോറിയൽ)*

ദുബൈ ഫ്രൈഡേ മാർക്കറ്റിൽ ദാർ അൽ ബിർറും കൈ കോർക്കുന്നു

ദുബൈ: ദുബൈ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ദാർ അൽ ബിർറ് സൊസൈറ്റി എന്ന അർധ സർക്കാർ സ്ഥാപനം വസ്ത്ര വിപണന രംഗത്ത് പുതന്പിന്പേ പരിഷ്കാരങ്ങൾ പ്രദാനം ചെയ്യുന്ന ജേ വൈ കേ ഫാഷൻസുമായി സഹകരിച്ച് ദുബൈയിൽ ഫ്രൈഡേ മാർക്കറ്റ് ആരംഭിക്കുന്നു.

ദാർ അൽ ബിർറിനെ കുറിച്ചും അതിന്റെ വിവിധ മനുഷ്യ സ്നേഹപരമായ പ്രവർത്തനങ്ങളെ കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനാണ് ഫ്രൈഡേ മാർക്കറ്റ് ആരംഭിക്കുന്നതിന്റെ പ്രാഥമിക ലക്ഷ്യം. പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട കച്ചവടക്കാരുടെയും വ്യക്തികളുടെയും ചരക്കുകൾ പ്രദർശിപ്പിക്കാനുള്ള അവസരവും ഫ്രൈഡേ മാർക്കറ്റ് പ്രദാനം ചെയ്യുന്നു.

ദാർ അൽ ബിർറ് സൊസൈറ്റിയുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ ജനശ്രദ്ധ നേടണമെന്നും അവരുടെ സഹകരണം ഉറപ്പാക്കണമെന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് ഇതിന് മുൻകയ്യെടുത്തതെന്ന് ജെവൈകെ ഫാഷൻ ഹൗസ് സ്ഥാപക ജൂഹി യാസ്മിൻ ഖാൻ പറഞ്ഞു. കാലങ്ങളായി ജനങ്ങൾ ഫ്രൈഡേ മാർക്കറ്റിനെ വ്യക്തികളുടെ പണ്ടകശാലയായാണ് കണ്ടു വരുന്നത്. എന്നാൽ, ഇവിടം പ്രമുഖ വാണിജ്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഉപയോക്താക്കൾക്കും ഒരു മേൽക്കൂരക്ക് കീഴിൽ വരാനും ക്രയവിക്രയം നടത്താനുമുള്ള അവസരമാണ് നൽകിയിരിക്കുന്നതെന്നും അവർ കൂട്ടിച്ചേർത്തു.

1982ലാണ് ദാർ അൽ ബിർറ് സൊസൈറ്റി സ്ഥാപിതമായത്. അന്നു മുതൽ സമൂഹത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവർക്കായി ചികിത്സാ-വിദ്യാഭ്യാസ ചെലവുകൾ, വിട്ടു വാടക, ഭക്ഷണം തുടങ്ങിയ സൗകര്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ ദുരിതങ്ങളനുഭവിക്കുന്ന ലോക രാജ്യങ്ങളിലേക്കും ദാർ അൽ ബിർറിന്റെ സഹായ ഹസ്തം നീളുന്നുണ്ട്.

ആഴ്ച തോറുമുള്ള കച്ചവട കേന്ദ്രമാണ് ഫ്രൈഡേ മാർക്കറ്റ്. മധ്യാഹ്നം 3 മുതൽ രാത്രി 11 മണി വരെ റോള സ്ട്രിറ്റിലാണ് മാർക്കറ്റ് പ്രവർത്തിക്കുക. പങ്കെടുക്കാൻ മുന്നോട്ടു വന്ന കമ്പനികളിൽ ബോസ്സ്നിനി, കുൾ ആൻഡ് കുൾ, ലിയാലി ജ്വല്ലറി, ടിം ഹോർടൻസ്, വി എൻടർസിസി, ഫിറ്റ്നസ് ഫസ്റ്റ്, ഗ്രൈപ്പ് മെഡിക്കൽ എന്നിവ ഉൾപ്പെടുന്നു.

വസ്ത്രങ്ങൾ, തുണിത്തരങ്ങൾ, നിത്യോപയോഗ വസ്തുക്കൾ, കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഇവിടെ ലഭ്യമാകും. ഇതിന് പുറമെ, കുട്ടികൾക്കായുള്ള വിനോദ പരിപാടികളും തത്സമയം പാകം ചെയ്തു കൊടുക്കപ്പെടുന്ന ഭക്ഷണ ശാലകളും ഉണ്ടായിരിക്കുന്നതാണ്. പ്രവേശനം സൗജന്യമാണ്.

മികച്ച സേവനങ്ങളുമായി ശുറാഅ

പുതിയ ബിസിനസ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനിൽ ദുബൈയിൽ കുത്തനെയുള്ള വർധന ദൃശ്യം. ആഗോള സാമ്പത്തിക മേഖലയിൽ മാന്ദ്യാവസ്ഥ നിലനിൽക്കുമ്പോഴും ബിസിനസ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനിലെ വർധന തെളിയിക്കുന്നത് വിപണിയിലെ മാന്ദ്യം ദുബൈ മറികടന്നുവെന്നാണെന്ന് യു.എ.ഇ പരമനും മൂല്യ സേവന നാമാവുമായ സഇദ് ഖലീഫ മുഹമ്മദ് അൽഫുഹൈറ അഭിപ്രായപ്പെട്ടു. 2001 മുതൽ തന്റെ ശുറാഅ മാനേജ്മെന്റ് ആന്റ് കൺസൾട്ടൻസിമുഖേന വളർന്നു വരുന്ന ബിസിനസ്സുകാർക്ക് മാനേജ്മെന്റ് കൺസൾട്ടൻസി സേവനം നൽകി വരികയാണ് അദ്ദേഹം. ഒരു നിശ്ചിത ഏരിയയിൽ വളരണമെന്നുണ്ടെങ്കിൽ വിപണിയാവശ്യമനുസരിച്ച് പ്രൊഫൈലൈസ് ചെയ്യൽ നല്ലതാണെന്ന് അൽഫുഹൈറ പറഞ്ഞു. നിരവധി വ്യക്തികൾക്ക് ബിസിനസ് നടത്തണമെന്നുണ്ട്. എന്നാൽ, അവർക്ക് നിയമപരമായ വ്യവസ്ഥകൾ അറിയില്ല. അൽശുറാഅ ഇതിന് സൗകര്യം ചെയ്തു കൊടുക്കുന്നു. യു.എ.ഇയിലുടനീളമുള്ള ബിസിനസ് ലൈസൻസിംഗ്, രജിസ്ട്രേഷൻ, സോഴ്സിംഗ് ഓഫീസ് സ്പേസ്, പിആർഒ സേവനങ്ങൾ, എല്ലാ തരത്തിലുമുള്ള വിസാ സേവനങ്ങൾ, കോർപറേറ്റ് ബാങ്ക് അക്കൗണ്ട് ഓപണിംഗ് തുടങ്ങിയവ ശുറാഅ നൽകുന്നുണ്ട്. യു.എ.ഇയിൽ 20,000ത്തിലധികം കമ്പനികൾ സ്ഥാപിച്ചതിൽ ശുറാഅയുടെ പങ്ക് ഏറെ പ്രധാനപ്പെട്ടതാണ് *(അഡ്വർടോറിയൽ)*.

സഇദ് ഖലീഫ മുഹമ്മദ് അൽഫുഹൈറ

OPTIC+
Mission To Vision

Exclusive distributor for eyewear lines of the globally recognized brands of
MANGO EYEWEAR
crocs eyewear
TED BAKER LONDON
to the G.C.C market..!
Ray-Ban GEORGIO ARMANI POLICE GUCCI pierre cardin CARRERA D&G DOLCE&GABBANA BURBERRY VOGUE Safilo

DUBAI - OUD METHA Tel: +971 4 3972227
SHARJAH - NASSARIYA Tel: +971 6 5622331
SHARJAH - AL KHAN Tel: +971 6 5561114
info@opticplus.ae, www.opticplus.ae

ദുബൈ കെ.എം.സി.സി
ഇംറ സർവീസ്
റമദാൻ ബുക്കിംഗ് ആരംഭിച്ചു
- പുതിയ ബാച്ച് ജനു. 27, ഫെബ്രു. 3, 10, 17 തീയതികളിൽ
- വിമാന മാർഗവും യാത്രാ സൗകര്യവും
  4 സ്റ്റാർ അക്കാമഡെയ്ഷൻ പാക്കേജും ലഭ്യമാണ്
- എല്ലാ ബുധനാഴ്ചകളിലും യാത്ര ഉണ്ടായിരിക്കും
- പരിചയ സമ്പന്നരായ അമീറുമാരുടെ നേതൃത്വം

ഓൺച്ച് ഭാഗം ഹോക്കേഴ്സ് പ്രത്യേക പാക്കേജുകൾ
050 3779416, 04 2274899, 04 2727773

നമസ്കാര സമയം

	ഉദയം	ളുഹർ	അസർ	മഗ്രിബ്	ഇശാഅ്	സുബഹ് സാദിഖ്
ദുബൈ/ഷാർജ	07.05	12.30	03.36	05.57	07.27	05.45
അബുദാബി	07.09	12.34	03.40	06.01	07.31	05.49
റാസൽഖൈമ	07.01	12.26	03.32	05.53	07.23	05.41
ഫുജൈറ	06.59	12.24	03.30	05.51	07.21	05.39
ഫഹ്ത	07.02	12.27	03.33	05.54	07.24	05.42

GET INTO SINGAPORE
Create a memorable holiday with your loved ones in Singapore this year. Whether you're a nature lover, culture buff or thrill-seeker, you'll be spoilt for choice.
BUDGET HOLIDAY FROM AED 2,249*
FAMILY ADVENTURE FROM AED 3,099*
LUXURY HOLIDAY FROM AED 5,199*
Call today 600 544 405
musafir.com
*Terms and conditions apply. Inclusive of return flights, hotel stay, tours and transfers.

seabreeze
YOUR INTERNATIONAL CARRIER
ALL OVER INDIA DOOR DELIVERY
Cargo & Couriers
FREE CALL (UAE) 800 2733
Now We Started
international Document Services 4 Days Delivery All over India
Express Courier Services 7 Days Delivery All over India
Happy New Year 2016
Fast Delivery | Web Tracking | SMS On Delivery
www.seabreezecourier.com
info@seabreezecourier.com
BUR DUBAI(HO) 04353 7967,0507593988
DEIRA (Nakeel) 0425017 25, 0509903177
AL QUOZ 043233604, 0509577642
JEBEL ALI (Hilal Al Madina) 04 379 6636, 055 830 5782
ABUDHABI 026350777, 0509936203
MUSSAFFAH 025502923, 0566241884
SHABIA 025529106, 0566241884
AL AIN 037377191,0553350292
AJMAN 067441163, 0566241885
H.O : CALICUT +91 483 271 2363 +91 9946 489891
COCHIN +91 4842 20 66 42 +91 9846 00 45 47
TRIVANDRUM +91 471 250 3483 +91 9846 00 3749
KANNUR +91 9846 500 524 +91 9846 00 81 48
DELHI +91 11 26 78 1552 +91 9971 86 12 68
RAJASTHAN +91 9414258206
BIHAR +91 84 06 99 888 9
LUCKNOW(UP) +91 5222758111 +91 7704905454
MUMBAI +91 22 28563366 +91 8898689659 / 53
GOA +91 75067 25 809 +91 81089 63 444
TELANGANA (A.P) + 9184 13 200 584 + 9196 42 322 723
BANGALORE +91 8028 477 444 +91 9480 396 444
MANGALORE + 91 8242 242 650 + 91 9480 397 444